പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3273   16.12. 2015- ലെ  മറുപടി

**എൻ.ആർ.ഐ. കമ്മീഷൻ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | **ശ്രീ. കെ. സി. ജോസഫ്**<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസികൾക്കായി ജുഡീഷ്യൽ അധികാരത്തോടുകൂടിയ എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്ത് അർദ്ധ ജുഡീഷ്യൽ അധികാരത്തോടു കൂടിയ ഒരു എൻ.ആർ.ഐ കമ്മീഷൻ രൂപികരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള ബിൽ സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുകയും ശേഷം ഡിസംബർ 17-ാം തീയതി സഭ വീണ്ടും പരിഗണിയ്ക്കുന്നതുമാണ്. |
| (ബി)എങ്കിൽ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കമോ ; | (ബി) | പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംസ്ഥാനത്തിനകത്ത് സംരക്ഷിക്കുക, സുരക്ഷിതത്വം ഉറപ്പാക്കുക, അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നി ലക്ഷ്യങ്ങളോടെയാണ് സർക്കാർ എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചത്. കമ്മീഷൻ രൂപീകരണത്തിന് തയ്യാറാക്കിയിട്ടുള്ള കരട് ബില്ല് പ്രകാരം കമ്മീഷന്റെ ചുമതലകൾ താഴെപറയുന്നു.<br>എ) പ്രവാസി ഭാരതീയരായ കേരളീയരെയും അവരുടെ കുടുംബത്തെയും അവരുടെ അവകാശങ്ങളിൽ, പ്രത്യേകിച്ച് കേരള സംസ്ഥാനത്തെ സ്വത്തുക്കളെയും ജീവനെയും സംബന്ധിക്കുന്ന തർക്കങ്ങളിൽ സഹായിക്കുക.<br>ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക.<br>സി) പ്രവാസി ഭാരതീയരായ കേരളീയരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക.<br>ഡി) പ്രവാസി ഭാരതീയരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും |

| | | |
|---|---|---|
| | | മാതാപിതാക്കൾക്കും സാമൂഹ്യജീവിതത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി സാമൂഹ്യ സേവന സംഘടനകളെ സൗകര്യപ്പെടുത്തുക.<br>ഇ) പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആയതിൻമേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക.<br>എഫ്) ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തേയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാര നിയമനിർമ്മാണ നടപടികളെയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.<br>ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെ കുറിച്ച് അന്വേഷിക്കുന്നതിനും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പു വരുത്തുക. |
| സി) കമ്മീഷൻ എന്നുമുതൽ നിലവിൽവരും എന്നും അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ എന്നു വ്യക്തമാക്കുമോ ? | (സി) | കമ്മീഷൻ എത്രയും വേഗം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ 2015- ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ 08.12.2015 ന് നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരമുള്ള ബില്ല് ഡിസംബർ 17-ാം തീയതി സഭ പരിഗണിയ്ക്കുന്നതാണ്. |

Shreyale
സെക്ഷൻ ഓഫീസർ